(സി) പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിലെ വന്യജീവികളെ കണ്ടു കെട്ടുന്നതിനായി തളിപറമ്പ് മജിസ്ട്രേട്ടിന്റെ അനുമതി തേടാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) വൈൽഡ് ലൈഫ് വിഭാഗത്തിന്റെ ചാർജുള്ള പ്രധാന ഉദ്യോഗസ്ഥൻ ആരാണെന്നറിയിക്കുമോ ;

(ഇ) പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിലെ മൃഗങ്ങളെ പിടിച്ചുകെട്ടുകയും മുതലകളുടെ വായ് കയറുകൊണ്ട് കെട്ടി മുറുക്കുകയും അനധികൃതമായി കൂട്ടിലിടുകയും ചെയ്തവർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പറശ്ശിനിക്കടവ് സംഭവത്തെപ്പറ്റി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സമർപ്പിച്ച റിപ്പോർട്ട്, സർക്കാർ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കാൻ വനംവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാലുടൻ അതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) നിയമവിരുദ്ധമായി സൂക്ഷിച്ചിരുന്ന വന്യജീവികളെ പിടിച്ചെടുക്കുന്നതിന് വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് മജിസ്ട്രേട്ടിന്റെ അനുമതി തേടേണ്ട ആവശ്യമില്ല.

(ഡി) വൈൽഡ് ലൈഫ് വിഭാഗത്തിന്റെ ചാർജുള്ള പ്രധാന ഉദ്യോഗസ്ഥൻ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ ശ്രീ. വി. കെ. സിൻഹയാണ്.

(ഇ) (എ) വിഭാഗത്തിനുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ള വിശദമായ അന്വേഷണ റിപ്പോർട്ട് കിട്ടിയതിനുശേഷമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ നിർവാഹമുള്ളൂ.

പാപ്പിനിശ്ശേരി പാമ്പുവളർത്തൽ കേന്ദ്രം

103 (786) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാപ്പിനിശ്ശേരി പാമ്പുവളർത്തൽ കേന്ദ്രത്തിൽ നിന്നും ഫോറസ്റ്റുദ്യോഗസ്ഥർ എത്ര വന്യജീവികളെയാണ് പിടിച്ചെടുത്തത് ;

(ബി) പിടിച്ചെടുത്ത വന്യജീവികളുടെ ഇനം തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നടപടിയെത്തുടർന്ന് ഏതെല്ലാം ഇനത്തിൽപ്പെട്ട വന്യജീവികളാണ് ചത്തുപോയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആരുടെ ഉത്തരവുപ്രകാരമാണ് ഫോറസ്റ്റുദ്യോഗസ്ഥരും പോലീസും ചേർന്ന് വന്യജീവികളെ അവിടെ നിന്നും നീക്കം ചെയ്തത് ;

(ഇ) വന്യജീവികളെ കൊന്നതിന്റെ പേരിൽ ആരുടെയെങ്കിലും പേരിൽ കേസ് എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജീവനുള്ള 369 വന്യജീവികളെയും, ചത്തതും ഫോർമാലിനിൽ സൂക്ഷിച്ചിട്ടുള്ളതുമായ 36 വന്യജീവികളെയുമാണ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ പാപ്പിനിശ്ശേരി പാമ്പുവളർത്തൽ കേന്ദ്രത്തിൽ നിന്നും പിടിച്ചെടുത്തത്.

(ബി) പാപ്പിനിശ്ശേരി പാമ്പുവളർത്തൽ കേന്ദ്രത്തിൽ നിന്നും പിടിച്ചെടുത്ത വന്യജീവികളുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

പാമ്പുകൾ	- 184
പക്ഷികൾ	- 36
ചീങ്കണ്ണി	- 73
ആമ	- 24
വെള്ളക്കുരങ്ങ്	- 10
മുള്ളൻപന്നി	- 15
മറ്റുള്ളവ (സിംഹവാലൻ കുരങ്ങ്, കരിങ്കുരങ്ങ്, മരപ്പട്ടി, ഉടുമ്പ്, ചെന്നായ്, കേഴമാൻ, വെരുക്, കീരി, മുതലായവ)	- 27

(സി) വന്യജീവികളെ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് 24 മണിക്കൂറിനുള്ളിൽ ഒരു ജീവിയും ചത്തിട്ടില്ല. അതിനുശേഷം ചീങ്കണ്ണിക്കുഞ്ഞുങ്ങൾ (22) പാമ്പ് (1) പക്ഷികൾ (3) എന്നീ ഇനങ്ങളിലായി 26 വന്യജീവികൾ ചത്തിട്ടുണ്ട്.

(ഡി) വന്യജീവികളെ പിടിച്ചെടുക്കുന്നതിൽ പോലീസ് പങ്കെടുത്തിരുന്നില്ല. ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവുപ്രകാരമായിരുന്നു ഈ പിടിച്ചെടുക്കൽ. ജീവികളെ പാർക്കിൽ നിന്നും നീക്കം ചെയ്തിട്ടില്ല.

(ഇ) ഈ നടപടിയിൽ ആരും വന്യജീവികളെ കൊന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ വനംവകുപ്പ് ഈ കാര്യത്തിൽ കേസുകൾ ഒന്നും എടുത്തിട്ടില്ല.

പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിലെ ജന്തുക്കളെ കണ്ടുകെട്ടിയ നടപടി

104 (787) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly